## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4043

21-07-2015 ൽ മറുപടിയ്ക്ക്

### സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സി-ഡിറ്റിലെ കൊറിയർ ഇടപാടിലെ അഴിമതി സംബന്ധിച്ച് സംസ്ഥാന വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ (CITU) എന്ന സംഘടന നിവേദനം നൽകിയിട്ടുണ്ട്. നിവേദനത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയിട്ടുള്ളത് ; അന്വേഷണ ഏജൻസി പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(സി) അന്വേഷണ റിപ്പോർട്ടിൽ എന്തൊക്കെയാണ് കണ്ടെത്തലുകളാണുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) & (സി) | സി-ഡിറ്റിലെ കൊറിയർ ഇടപാട് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ താഴെ പറയുന്നു.<br>1. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ച് കൊറിയർ ഏജൻസിയെ തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടേണ്ടതാണ്.<br>2. കൊറിയർ സ്ഥാപനത്തെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുന്ന പ്രക്രിയയിൽ പങ്ക് വഹിച്ച ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുക.<br>3. കൊറിയർ ഏജൻസിയുടെ മേൽവിലാസം പരിശോധിക്കാൻ ബാധ്യസ്ഥരായിരുന്ന എന്നാൽ അപ്രകാരം കൃത്യം നിർവ്വഹിക്കാതിരുന്ന |

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക.

4. പ്രസ്തുത ഇടപാടിലെ എല്ലാ നടപടിക്രമങ്ങളും സി-ഡിറ്റിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും സൂക്ഷ്മ പരിശോധന നടത്തിയശേഷം മാത്രം പ്രസ്തുത കൊറിയർ ഏജൻസിക്ക് നൽകാൻ തുക ബാക്കി ഉണ്ടെങ്കിൽ അത് നൽകാൻ പാടുള്ളൂ.
5. ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും യോഗങ്ങൾ ഇടയ്ക്കിടെ ചേരേണ്ടതാണ്.

മേൽപ്പറഞ്ഞ ശിപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

# C-DIT EMPLOYEES ASSOCIATION (CITU)

(Centre for Development of Imaging Technology)

Reg. No. 01-18-90, Chithranjali Studio Complex, Thiruvallom, Thiruvananthapuram-695 027

President
Kadakampally Surendran Ex. MLA

General Secretary
B. Satheesan

INFORMATION & PUBLIC RELATIONS DEPT.
05 DEC 2014
36384
Thiruvananthapuram.
GOVT. SECRETARIAT

നമ്പർ : 101/സി.ഇ.എ.-സി.ഡിറ്റ്/2014 02.12.2014

സ്വീകർത്താവ്

സെക്രട്ടറി
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം

സർ,

**വിഷയം :- കേരള സർക്കാർ സ്ഥാപനമായ സി-ഡിറ്റിൽ Ondot Couriers and Cargo Ltd. എന്ന സ്ഥാപനത്തിന്റെ ഫ്രാഞ്ചൈസി എന്ന പേരിൽ വ്യാജരേഖകൾ ചമച്ച് 2011 മുതൽ ലക്ഷക്കണക്കിന് രൂപയുടെ കൊറിയർ തട്ടിപ്പ് നടന്നുവരുന്നതിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെടുന്നത് സംബന്ധിച്ച് :-**

ബഹു. മുഖ്യമന്ത്രി ചെയർമാനും ബഹു. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായുള്ള സ്വയംഭരണ സ്ഥാപനമായ സി-ഡിറ്റിൽ Ondot Couriers and Cargo Ltd. എന്ന സ്ഥാപനത്തിന്റെ ഫ്രാഞ്ചൈസി എന്ന വ്യാജേന 2011 മുതൽ ശ്രീ ശശിധരൻനായർ, ടിസി 5/2139(5), നാരായണാലയം, വെള്ളയമ്പലം, തിരുവനന്തപുരം എന്ന വ്യക്തി കൊറിയർ കരാർ ഏറ്റെടുത്തു നടത്തിവരികയാണ്.

2014 നവംബറിൽ ഈ സ്ഥാപനത്തിന് ടെണ്ടർ നടപടികളിലൂടെ വീണ്ടും കൊറിയർ കരാർ നൽകിയതിനുശേഷം സി-ഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ എം.ആർ. മോഹനചന്ദ്രൻ നടത്തിയ അന്വേഷണത്തിൽ കൊറിയർ കരാർ നേടിയ സ്ഥാപനവുമായി ബന്ധപ്പെട്ട ഗുരുതരമായ ഒട്ടേറെ ക്രമക്കേടുകൾ പുറത്തു വന്നിരിക്കുകയാണ്. ഈ സ്ഥാപനവുമായുള്ള കൊറിയർ ഇടപാടുമായി ബന്ധപ്പെട്ട ചില വസ്തുതകൾ ചുവടെ ചേർത്തിരിക്കുന്നു.

1. 2011 നവംബർ 28 മുതലാണ് സി-ഡിറ്റ് Ondot Couriers and Cargo Ltd. എന്ന സ്ഥാപനത്തിന്റെ ഫ്രാഞ്ചൈസി എന്ന പേരിൽ ശ്രീ ശശിധരൻനായരുമായി കൊറിയർ കരാറിൽ ഏർപ്പെട്ടത്. **(Exhibit No.1)** എന്നാൽ ഇവരെ നിശ്ചയിച്ച നടപടിക്രമം സുതാര്യമായിരുന്നില്ല. പത്രപരസ്യമോ ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങളോ ഇതിൽ സി-ഡിറ്റ് പാലിച്ചിട്ടില്ല.
2. Ondot Couriers and Cargo Ltd. ന്റെ തിരുവനന്തപുരം ഫ്രാഞ്ചൈസി എന്ന നിലയിൽ സി-ഡിറ്റുമായി കരാറിൽ ഏർപ്പെട്ട ശശിധരൻനായർ എന്ന വ്യക്തി നൽകിയ വിലാസം വ്യാജമാണെന്നും അവിടെ അങ്ങനെ ഒരു സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്നും പ്രസ്തുത കെട്ടിട ഉടമ അറിയിച്ചതായി സി-ഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മാനേജ്മെന്റിന് നൽകിയ കത്തിൽ അറിയിച്ചിട്ടുണ്ട്.

ടി വ്യക്തി വ്യാജ മേൽവിലാസം നൽകി സി-ഡിറ്റിനെ കബളിപ്പിച്ചു എന്നു ഇതിൽനിന്നും വ്യക്തമാകുന്നു. തിരുവനന്തപുരത്ത് സി-ഡിറ്റിനു അന്വേഷിക്കാമായിരുന്ന സാഹചര്യത്തിൽ മതിയായ അന്വേഷണം നടത്താതെ ഒരു വ്യാജ വിലാസക്കാരനുമായി സി-ഡിറ്റ് കൊറിയർ കരാറിൽ ഏർപ്പെട്ടു എന്നത് അതീവ ഗുരുതരമാണ്. (Exhibit No. 2)

3. Ondot Couriers and Cargo Ltd. ന്റെ കൊച്ചി, തിരുവനന്തപുരം ഓഫീസുകളിൽ ബന്ധപ്പെട്ടപ്പോൾ അവർ തിരുവനന്തപുരത്ത് ശ്രീ ശശിധരൻനായർ എന്നൊരു വ്യക്തിക്ക് ഫ്രാഞ്ചൈസി നൽകിയിട്ടില്ല എന്ന് രേഖാമൂലം ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിരിക്കുകയാണ്. ഇതിൽനിന്നും ഫ്രാഞ്ചൈസി എന്ന പേരിൽ വ്യാജരേഖയുണ്ടാക്കിയാണ് ശ്രീ ശശിധരൻനായർ കൊറിയർ കരാർ നേടിയെടുത്തതെന്ന് വ്യക്തമാകുന്നു. ഫ്രാഞ്ചൈസിയെ സംബന്ധിച്ച രേഖകൾ പരിശോധിക്കുന്നതിൽ സി-ഡിറ്റിലെ പർച്ചേയ്സ് വിഭാഗം വരുത്തിയ വീഴ്ച മനപ്പൂർവ്വമാണ്. (Exhibit No. 3)

4. സി-ഡിറ്റിന്റെ വഞ്ചിയൂരിൽ പ്രവർത്തിക്കുന്ന ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷനിൽ ധനകാര്യവകുപ്പ് പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ Ondot Couriers ഏജൻസിയുമായുള്ള കൊറിയർ ഇടപാടിൽ വൻ ക്രമക്കേട് നടക്കുന്നതായി കണ്ടെത്തുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന അടിയന്തിര നടപടിയ്ക്കായി സി-ഡിറ്റിന് നൽകിയിരുന്നു. (Exhibit No. 4). എന്നാൽ ഇതിൽ യാതൊരു നടപടിയും മാനേജ്മെന്റ് സ്വീകരിച്ചിട്ടില്ലായെന്നത് അഴിമതിയുടെ ആഴം വ്യക്തമാക്കുന്നു.

5. ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയിൽ Ondot Couriers-നെ നിയമിച്ചതിൽ സുതാര്യത ഇല്ലായിരുന്നുവെന്നും പത്രപരസ്യമോ ക്വട്ടേഷനോ ക്ഷണിച്ചിരുന്നില്ലെന്നും പറയുന്നു. ഇത് സ്റ്റോർ പർച്ചേയ്സ് നിയമങ്ങളുടെ നഗ്നമായ ലംഘനം ഇക്കാര്യത്തിൽ നടന്നുവെന്നും വ്യക്തമാക്കുന്നു.(Exhibit No. 4)

6. Ondot Couriers മുഖേന സി-ഡിറ്റിൽനിന്നും അയക്കുന്ന ഉരുപ്പടികളുടെ തൂക്കം രേഖപ്പെടുത്തുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ധനകാര്യ വകുപ്പ് പരിശോധനയിൽ തെളിഞ്ഞിരിക്കുന്നു. (Exhibit No. 4)

7. Ondot Couriers-ന്റെ സേവനം തൃപ്തികരമല്ലായെന്ന വ്യാപക പരാതി നിലനിൽക്കെ ഇവർക്ക് നിരക്ക് വർദ്ധിപ്പിച്ചു നൽകുന്ന അസാധാരണ നടപടിക്ക് സി-ഡിറ്റ് ഡയറക്ടർ ബാബു ഗോപാലകൃഷ്ണൻ തയ്യാറായി എന്നത് തികച്ചും സംശയാസ്പദമാണ്. (Exhibit No. 5)

8. Ondot Couriers-ന്റെ സേവനം സംബന്ധിച്ച് സി-ഡിറ്റിനും സർക്കാരിനും പരാതി ലഭിച്ച സാഹചര്യത്തിൽ ഇവരെ ഒഴിവാക്കുന്നതിനു പകരമായി മറ്റൊരു കൊറിയർ സർവ്വീസ് ഏജൻസിയായ പ്രൊഫഷണൽ കൊറിയർ മുഖേന ഉരുപ്പടികൾ അയക്കണം എന്ന വിചിത്ര നിർദ്ദേശം രേഖാമൂലം സി-ഡിറ്റ് ഡയറക്ടർ ബാബു ഗോപാലകൃഷ്ണൻ Ondot Couriers-ന് നൽകി. ഈ നടപടി കേട്ടുകേൾവി പോലും ഇല്ലാത്തതും എല്ലാവിധ സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങളുടെയും ലംഘനവും തികഞ്ഞ അഴിമതിയുമാണ്. (Exhibit No.6) ഈ നടപടി Ondot Couriers-നെ ഏതു വിധത്തിലും നിലനിർത്തുന്നതിന് ഡയറക്ടർ ബാബു ഗോപാലകൃഷ്ണൻ താൽപ്പെടുന്നുവെന്നത് വെളിവാക്കുന്നു.

9. 2011-ൽ ഒരു വർഷത്തേക്ക് (1.12.2011 മുതൽ 30.11.2012 വരെ) സി-ഡിറ്റുമായി കരാറിൽ ഏർപ്പെട്ട Ondot Couriers-ന് കാലാവധി കഴിഞ്ഞിട്ടും രേഖകളില്ലാതെ തന്നെ കരാർ തുടരുന്നതിന് സി-ഡിറ്റ് ഒത്താശ ചെയ്തുകൊടുത്തു. (Exhibit No.1)

10. Ondot Couriers-ന്റെ സേവനത്തിൽ ഗുരുതരമായ വീഴ്ചകളും പരാതികളും ഉയർന്നു വന്ന സമയത്ത് 2012-ൽ അന്നത്തെ സി-ഡിറ്റ് രജിസ്ട്രാറും നിലവിൽ കൊല്ലം ജില്ലാ കളക്ടറുമായ ശ്രീ പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്. ടി സ്ഥാപനത്തിനുള്ള പേയ്മെന്റ് തടഞ്ഞുവച്ച് ഉത്തരവായിരുന്നു. എന്നാൽ ഈ ഉത്തരവ് സി-ഡിറ്റ് ഡയറക്ടർ ബാബു ഗോപാലകൃഷ്ണൻ മരവിപ്പിക്കുകയും ഉടനടി പണം നൽകുന്നതിനും മേലിൽ പേയ്മെന്റിന് തടസ്സം ഉണ്ടാവരുതെന്നും രേഖാമൂലം ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട് [redacted]. ഇത് പേയ്മെന്റ് തടഞ്ഞുവയ്ക്കുന്നതിലേക്ക് നയിച്ച ഗുരുതരമായ വീഴ്ചകൾ ഒന്നും തന്നെ പരിഹരിക്കാതെയായിരുന്നുവെന്നത് ഈ നടപടിയിലെ അഴിമതി വ്യക്തമാക്കുന്നു.

11. 2013 നവംബറിൽ ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗം ഐ & പി.ആർ.ഡി. മുഖേന സി-ഡിറ്റിനു നൽകിയ റിപ്പോർട്ടിൽ Ondot Couriers നെ അടിയന്തിരമായി ഒഴിവാക്കി പുതിയ ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ ഡപ്യൂട്ടി ഡയറക്ടർ പലതവണ രേഖാമൂലം ആവശ്യപ്പെട്ടിട്ടും മനപ്പൂർവ്വം കാലതാമസം വരുത്തി 2014 ഒക്ടോബറിൽ മാത്രമാണ് തുടർ നടപടികൾ സ്വീകരിച്ചത്. **(Exhibit No. 8)**
12. 2014 ഒക്ടോബറിൽ പുതിയ ടെണ്ടർ നടപടികൾ സി-ഡിറ്റ് നടത്തിയപ്പോൾ ആരോപണ വിധേയരും ധനകാര്യ പരിശോധനാവിഭാഗം ഒഴിവാക്കണമെന്നു നിർദ്ദേശിച്ചതുമായ Ondot Couriers നെ കരിമ്പട്ടികയിൽ പെടുത്തുന്നതിന് പകരം അവർക്ക് ക്വട്ടേഷൻ നൽകുന്നതിനുള്ള അവസരം നൽകി. ഒടുവിൽ Ondot Couriers എന്ന ഈ സ്ഥാപനത്തിനുതന്നെ കൊറിയർ കരാർ പുതുക്കി നൽകി സി-ഡിറ്റ് സംസ്ഥാന സർക്കാരിനെയും ജീവനക്കാരെയും കബളിപ്പിച്ചു. ഈ നടപടിയിലൂടെ അഴിമതിയുടെ ആഴവും ഇതിൽ സി-ഡിറ്റിലെ ഉന്നതർക്കുള്ള പങ്കും സംശയലേശമെന്യേ പുറത്തുവരുന്നു. **(Exhibit No. 8)**
13. Ondot Couriers സി-ഡിറ്റിൽനിന്നും കഴിഞ്ഞ 3 വർഷമായി ഏകദേശം 40 ലക്ഷത്തോളം രൂപ കൊറിയൽ ഇടപാടിൽ പ്രതിഫലമായി കൈപ്പറ്റിയിട്ടുണ്ട് എന്നു അനുമാനിക്കുന്നു. വഞ്ചിയൂർ ഓഫീസിൽനിന്നു മാത്രം 17 ലക്ഷം രൂപ കൈപ്പറ്റിയതായി ഡെപ്യൂട്ടി ഡയറക്ടറുടെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ സി-ഡിറ്റിലെ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽനിന്നും ലക്ഷങ്ങളുടെ ഇടപാടും നടത്തിവരുന്നു. ഈ തുകയുടെ 12.36% സർവ്വീസ് നികുതിയിനത്തിൽ സി-ഡിറ്റ് Ondot Couriers ന് നൽകിയിരിക്കുന്നു. ഈ തുക Ondot Couriers ഇതുവരെ Central Excise and Service Tax വകുപ്പിൽ അടച്ചിട്ടില്ലായെന്നും മനസ്സിലാക്കുന്നു. ഇതിലൂടെ ടി സ്ഥാപനം ലക്ഷക്കണക്കിനു രൂപയുടെ സർവ്വീസ് നികുതി വെട്ടിപ്പും നടത്തിയതായി സംശയിക്കുന്നു.

മുഖ്യമന്ത്രി ചെയർമാനായുള്ള സി-ഡിറ്റ് എന്ന സ്ഥാപനത്തിൽ ഇപ്രകാരം ഒരു വ്യക്തിക്ക് വ്യാജരേഖകൾ ഉണ്ടാക്കി ലക്ഷക്കണക്കിന് രൂപയുടെ കൊറിയർ ഇടപാടുകൾ നടത്തുന്നതിന് സി-ഡിറ്റിലെ ഉന്നതരുടെ ഒത്താശയും പിന്തുണയും ഇല്ലാതെ കഴിയില്ലായെന്നത് വ്യക്തമാണ്. രേഖകളുടെ ആധികാരികത പരിശോധിക്കാതെ പർച്ചേയ്സ് വിഭാഗവും അഴിമതി നടത്തുന്നതിനായി വഴിവിട്ട ഉത്തരവുകൾ ഇറക്കി ലക്ഷങ്ങൾ നഷ്ടം വരുത്തി ഡയറക്ടർ ബാബു ഗോപാലകൃഷ്ണനും പ്രസ്തുത സാമ്പത്തിക തട്ടിപ്പിൽ പങ്കാളിയായിരിക്കുകയാണ്.

**ആയതിനാൽ ഈ ഇടപാട് സംബന്ധിച്ച് സംസ്ഥാന വിജിലൻസ് വകുപ്പിനെക്കൊണ്ട് വിശദമായ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ബി. സതീശൻ**
ജനറൽ സെക്രട്ടറി

**കടകംപള്ളി സുരേന്ദ്രൻ**
പ്രസിഡന്റ്

സെക്ഷൻ ഓഫീസർ